ഭൂമിയായതിനാൽ പണയപ്പെടുത്തുവാൻ സാധിക്കുകയില്ലായെന്ന വിവരം ബാങ്കിനെ അറിയിച്ചിട്ടുണ്ട്.

(ഇ) ഒരു സർവ്വെ അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ 20 സർവ്വെയർമാരും 2 സർവ്വെ സൂപ്രണ്ടുമാരും 9 ഡ്രാഫ്റ്റ്സ്മാൻമാരും അടങ്ങുന്ന ഒരു ഫോറസ്റ്റ് മിനിസർവ്വെ യൂണിറ്റ് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്നുണ്ട്. തർക്കസ്ഥലങ്ങളുടെയും വ്യവസ്ഥാ ലംഘനമുണ്ടെന്ന് സംശയിക്കുന്ന സ്ഥലങ്ങളുടെയും സർവ്വെക്ക്, മിനി സർവ്വെ യൂണിറ്റിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

(എഫ്) ദുരുപയോഗവും പാട്ടവ്യവസ്ഥാലംഘനവും നടത്തുന്ന എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നു.

വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച വീടുകൾ

207 (2239) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര വീടുകൾ വീതം നിർമ്മിച്ചുനൽകിയെന്ന് അറിയിക്കുമോ ;

(ബി) 2010-11 വർഷത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര വീടുകളാണ് നിർമ്മിച്ചുനല്കാൻ പദ്ധതിയിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) 2010-11 വരെയുള്ള കണക്ക് പ്രകാരം സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) സ്വന്തമായി വീടോ, സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തതോ ആയ എത്ര പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം, മത്സ്യത്തൊളിലാളി കുടുംബങ്ങൾ വീതം ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച വീടുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഭവന നിർമ്മാണ വകുപ്പ് നടപ്പിലാക്കുന്ന എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി പ്രകാരം 24825 വീടുകളും സുരക്ഷ പദ്ധതി പ്രകാരം 4759 വീടുകളും നിർമ്മിച്ചു നല്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. മറ്റു വകുപ്പുകളുടെ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly